ഖുത്ബ
22.08.08
മാന്‍ഹൈം, ജര്‍മ്മനി

# ജര്‍മ്മനി ജല്‍സയ്ക്ക് തുടക്കം
# നമസ്കാരമാണ് ഏറ്റവും നല്ല ഉസ്താദ്

**അ**ല്ലാഹുവിന്റെ അനുഗ്രഹത്താല്‍ ഇന്ന് ഈ ജുമുഅ ഖുത്ബയോടുകൂടി ജര്‍മനി അഹ്മദിയ്യ ജമാഅത്തിന്റെ വാര്‍ഷികസമ്മേളനം-ജല്‍സസാലാന ആരംഭിക്കുകയാണ്. ഈ വര്‍ഷം അഹ്മദിയ്യാ ഖിലാഫത്തിന് നൂറുവര്‍ഷം തികയുന്നതിനാല്‍ നാം അല്ലാഹുവിന് നന്ദി പറഞ്ഞുകൊണ്ട്, പ്രത്യേക ഒരുക്കത്തോടുകൂടിയാണ് ജല്‍സകള്‍ സംഘടിപ്പിച്ചുവരുന്നത്. മുമ്പേയും ഇങ്ങനെതന്നെയായിരുന്നുവെന്നത് ശരിതന്നെ. പക്ഷേ, ഈ വര്‍ഷം ജനങ്ങളുടെ ശ്രദ്ധ പൊതുവെ ഈ ഭാഗത്തേക്ക് അധികമാണ്. അതുകൊണ്ട് ഈ വര്‍ഷം നടക്കുന്ന ഓരോ രാജ്യത്തിലേയും ജല്‍സയില്‍ പങ്കെടുക്കുന്നവരുടെ എണ്ണത്തിലും വര്‍ദ്ധനവ് കാണുന്നു. ഖിലാഫത്ത് ജൂബിലി കാരണം ഞാനീ വര്‍ഷം വിവിധ രാജ്യങ്ങളിലെ ജല്‍സയില്‍ പങ്കെടുത്തുകഴിഞ്ഞു. അതിനാല്‍ സംഘാടകരും കൂടുതല്‍ ബോധവാന്മാരായിട്ടുണ്ട്. ഇവിടെ ജര്‍മ്മനിയില്‍ നടക്കുന്ന ജല്‍സയും മറ്റു രാജ്യങ്ങളിലെ ജല്‍സകളെ അപേക്ഷിച്ച് ഒന്നുകൊണ്ടും പിന്നിലാകാതിരിക്കാനും ശ്രദ്ധിക്കുന്നുണ്ട്. പ്രത്യേകിച്ച് ആഫ്രിക്കന്‍ രാജ്യങ്ങളിലെ, ഘാന ജല്‍സ ജനങ്ങളുടെ ശ്രദ്ധ പ്രത്യേകം ആകര്‍ഷിച്ചിരുന്നു. എന്തായാലും അല്ലാഹുവിന്റെ അനുഗ്രഹത്താല്‍, ഞാന്‍ പങ്കെടുക്കുന്ന ഏഴാമത്തെ ജല്‍സയാണിത്. ജര്‍മ്മനിയുടെ ജല്‍സ ഓരോ വര്‍ഷവും വളരെ വിജയകരമായ നിലയിലാണ് സംഘടിപ്പിക്കപ്പെടുന്നത്. ഈ വര്‍ഷം മുമ്പത്തേക്കാള്‍ അധികം വിജയിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ജല്‍സയില്‍ പങ്കെടുക്കുന്ന ഓരോ വ്യക്തിയും ഇതിന്റെ ആത്മാവ് മനസ്സിലാക്കുകയാണെങ്കില്‍ സ്വയം ഇതില്‍നിന്ന് അനുഗ്രഹം പ്രാപിക്കുന്നവരായിരിക്കും. മൊത്തത്തില്‍ ജല്‍സയുടെ വിജയത്തിന് കാരണക്കാരുമാകും. നിങ്ങളില്‍ ഓരോ വ്യക്തിയും, പുരുഷനും സ്ത്രീയും കുട്ടിയും യുവാവും ഇവിടെ വന്നതിന്റെ ഉദ്ദേശ്യം എന്താണെന്ന കാര്യം എപ്പോഴും ഓര്‍ക്കുക. ഈ ഉദ്ദേശ്യമെന്താണെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) നമുക്ക് പറഞ്ഞുതന്നിരിക്കുന്നു. തനിക്ക് ബയ്അത്ത് ചെയ്യുന്നവര്‍ പാലിക്കേണ്ട കാര്യങ്ങള്‍ വിവരിച്ചിട്ടുള്ളതില്‍ ആ മഹാത്മാവ് ഇത് വ്യക്തമാക്കിയിട്ടുണ്ട്.

''ഈ വിനീതന് ബയ്അത്ത് ചെയ്ത് ജമാഅത്തില്‍ പ്രവേശിക്കുന്ന ആത്മാര്‍ത്ഥരായ എല്ലാ ആളുകളും അറിഞ്ഞുകൊള്ളുക. ബയ്അത്ത്, ചെയ്യുന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഭൗതികലോകത്തോടുള്ള സ്നേഹം തണുക്കുകയും തങ്ങളുടെ ഉദാരനായ യജമാനനോടും പ്രിയപ്പെട്ട റസൂലിനോടുമുള്ള സ്നേഹം അതിജയിക്കുകയും ചെയ്യുക എന്നതാണ്.”

അതിനാല്‍, ഒന്നാമതായി ഓരോ അഹ്മദിയും, ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ബയ്അത്തില്‍ പ്രവേശിക്കുന്നവരെ 'മുഖ്‌ലീസ്വിന്‍' എന്ന പ്രിയങ്കരമായ വാക്കുകൊണ്ടാണ് സംബോധന ചെയ്തിരിക്കുന്നതെന്ന കാര്യം ഓര്‍മ്മവയ്ക്കേണ്ടതാണ്. അതായത് 'യാതൊരു കലര്‍പ്പുമില്ലാതെ സ്നേഹിക്കുന്നവര്‍.' സ്വാര്‍ത്ഥപരമായ ഒരുദ്ദേശ്യവും കൂടാതെയുള്ള സുഹൃത്ത്ബന്ധം. പരിശുദ്ധമായ വെണ്ണക്കും ഇഖ്‌ലാസ് എന്നു പറയും. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കിയിരിക്കുന്ന ഈ പദവി, അല്ലെങ്കില്‍ നാം കരസ്ഥമാക്കണമെന്ന് ആ മഹാത്മാവ് പ്രതീക്ഷിക്കുന്ന ഈ പദവി കരസ്ഥമാക്കാന്‍ നാം ശ്രമിക്കേണ്ടതാണ്.

അല്ലാഹു പറഞ്ഞിട്ടുള്ള മുഖ്‌ലിസീംകളുടെ സവിശേഷഗുണങ്ങള്‍ നമ്മുടെ മുമ്പില്‍ എപ്പോഴുമുണ്ടെങ്കില്‍ തീര്‍ച്ചയായും നാം ഭൗതികതയോടുള്ള സ്നേഹം തണുത്തുപോയവരുടെ കൂട്ടത്തില്‍പെടുന്നതാണ്. അവരുടെ ഉള്ളില്‍ അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം മാത്രമേ ഉണ്ടാകുകയുള്ളൂ. തെറ്റിലേക്ക് ഒരു സ്ത്രീ ഹദ്റത്ത് യൂസുഫ്നബി(അ)യെ വിളിച്ചപ്പോള്‍, അല്ലാഹുവിനോടുള്ള ഭയവും അവന്റെ അസ്തിത്വത്തെക്കുറിച്ചുള്ള യഥാര്‍ത്ഥ ബോധവും ഉണ്ടായിരുന്ന കാരണത്താല്‍ തിന്മയില്‍നിന്ന് അദ്ദേഹം രക്ഷപ്പെട്ട സംഭവം വിവരിച്ചുകൊണ്ട്, ഹദ്റത്ത് യൂസുഫിനെക്കുറിച്ച് അവന്‍ പറയുന്നു, ***ഇന്നഹൂ മിന്‍ഇബാദിനല്‍ മുഖ്‌ലസ്വീന്‍***. തീര്‍ച്ചയായും അദ്ദേഹം നമ്മുടെ പരിശുദ്ധനും വരിഷ്ഠനുമായ ദാസരില്‍ ഒരാളായിരുന്നു (12:25). ഈ പരിശുദ്ധിയാണ് അദ്ദേഹത്തെ രക്ഷിച്ചത്. മനുഷ്യന്‍ യഥാര്‍ത്ഥമായ നിലയില്‍ അല്ലാഹുവിനോടുള്ള ഭയം ഹൃദയത്തില്‍ വെച്ചുപുലര്‍ത്തുന്നവനാണെങ്കില്‍ ഈ ഭയവും പരിശുദ്ധിയും തന്നെയായിരിക്കും ഓരോരുത്തരേയും തിന്മയില്‍നിന്ന് രക്ഷിക്കുന്നത്.

'നിന്റെ അടിയാറുകളെ തീര്‍ച്ചയായും താന്‍ വഴിതെറ്റിക്കുമെന്നും, ലോകത്തിലെ കണ്ണഞ്ചിപ്പിക്കുന്ന

കാഴ്ചകൾ താൻ കാണിക്കുമ്പോൾ തന്റെ പിന്നാലെ അവർ വരുമെന്നും അങ്ങനെ അവർ നിന്നെ മറന്നു പോകുമെന്നും' ശയ്ത്വാൻ അല്ലാഹുവിനോട് പറയുക യുണ്ടായി. ശയ്ത്വാൻ ഇതുപറഞ്ഞതോടുകൂടി ഒരു കാര്യം സമ്മതിക്കുകയും ചെയ്തിരുന്നു; ***ഇല്ലാ ഇബാദക്കമിൻഹുമുൽ മുഖ്ലസ്വീൻ***. എന്നാൽ, അല്ലാഹുവിനോടും അവന്റെ റസൂലിനോടും യഥാർത്ഥ സ്നേഹമുള്ള നിന്റെ ദാസരൊഴിച്ച്. അവർ എന്റെ പിന്നാലെ വരികയില്ല. ബയ്അത്തിന്റെ നിബന്ധനയനുസരിച്ച് ജീവിക്കാൻ ശ്രമിക്കുമെന്ന് കാലത്തിന്റെ ഇമാമുമായിട്ട് അനുസരണപ്രതിജ്ഞ ചെയ്തിട്ടുള്ളവർ തന്റെ പിന്നാലെ വരികയില്ലെന്ന് ശയ്ത്വാൻ സമ്മതിച്ചു. താൻ ദുൻയാവിനെ എത്രമാത്രം കണ്ണഞ്ചിപ്പിക്കുന്നവിധത്തിൽ അവതരിപ്പിച്ചാലും അവർ തന്റെ കൈയിൽനിന്ന് വെളിയിൽ പോകുമെന്നും സമ്മതിച്ചു.

'ഒരു ഭ്രാന്തനും കവിയും പറയുന്നതുകേട്ട് തങ്ങൾ തങ്ങളുടെ ആരാധ്യരെ ഉപേക്ഷിക്കണമെന്നാണോ പറയുന്നതെന്ന്' അവിശ്വാസികൾ ചോദിക്കുന്നതായി വിശുദ്ധഖുർആനിൽ ഒരിടത്ത് പറയുന്നുണ്ട്. അല്ലാഹു പറയുന്നു: തീർച്ചയായും മുഹമ്മദ് റസൂലുല്ലാഹ്(സ) സത്യവാനായ റസൂലാണ്. സത്യവാനായ റസൂലാണെന്ന് മാത്രമല്ല, മറിച്ച് മുൻകഴിഞ്ഞ റസൂൽമാരുടെ സത്യതയും ആ മഹാത്മാവ് മുഖേന, തുറന്നനിലയിൽ ഇന്ന് സ്ഥാപിതമാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: "നബി(സ) തിരുമേനി ആഗതനായിരുന്നില്ലെങ്കിൽ, നമുക്ക് മുൻകഴിഞ്ഞ റസൂൽമാരുടെ സത്യതയും സ്ഥാപിതമാകുമായിരുന്നില്ല. കാരണം മുൻകഴിഞ്ഞ റസൂൽമാരെ വിശ്വസിക്കുന്നവർ, അവരെക്കുറിച്ച് വിസ്മയകരമായൊരു ചിത്രമാണ് സമർപ്പിച്ചിരുന്നത്. എന്തായാലും അല്ലാഹു പറയുന്നു, 'ഈ സത്യവാനും മഹാനുമായ റസൂലിനെ നിഷേധിക്കുന്നവരേ, കേട്ടുകൊള്ളുക. നിങ്ങൾ തീർച്ചയായും നരകശിക്ഷ രുചിക്കുന്നതാണ്. മോക്ഷം പ്രാപിക്കുന്നവർ ആത്മാർത്ഥതയോടുകൂടി ഈ റസൂലിൽ വിശ്വസിക്കുന്നവരായിരിക്കും.'

മുൻകഴിഞ്ഞ റസൂൽമാരെ എടുത്തുദ്ധരിച്ചുകൊണ്ട് അല്ലാഹു പറയുന്നു, അവരുടെ ജനത വഴി തെറ്റിപ്പോയ കാരണത്താൽ അല്ലാഹു ആ ജനതയെ ഈ ലോകത്തും ശിക്ഷിച്ചു; അല്ലാഹുവിനെ ആരാധിച്ചിരുന്ന അവന്റെ ചില വരിഷ്ഠദാസരൊഴികെ. ഈ ഉദാഹരണം എടുത്തുദ്ധരിച്ചുകൊണ്ട് ഇവിടെ അല്ലാഹുതആല മുസ്ലിംകളോടും അമുസ്ലിംകളോടും- ഖുർആൻ എന്നെന്നും നിലനില്ക്കുന്ന ഗ്രന്ഥമാണ്, എന്നെന്നും നിലനില്ക്കുന്ന അധ്യാപനമാണ് അതിലുള്ളത്- ചോദിക്കുന്നത് നബി(സ)യേയും ആ മഹാത്മാവിന്റെ സത്യസന്ധനായ ദാസനേയും നിഷേധിച്ചുകൊണ്ട് നിങ്ങൾക്ക് രക്ഷപ്പെടാൻ കഴിയുമോ? എന്നാണ്. ഒരിക്കലുമില്ല. ഇക്കാലഘട്ടത്തിലെ ഇമാമിനെ വിശ്വസിക്കാൻ തൗഫീഖ് നല്കിക്കൊണ്ട് തന്റെ അനുഗ്രഹം അഹ്മദികളായ നമ്മുടെമേൽ അല്ലാഹു ഇറക്കിക്കൊണ്ടിരിക്കുന്നു. ഈ അനുഗ്രഹത്തെ വിലമതിക്കുന്നവരായിത്തീരേണ്ടത് നമ്മുടെ നിർബന്ധകടമയാണ്.

തന്നെ നിഷേധിക്കുന്നവർ തന്റെമേൽ ഉന്നയിക്കുന്ന എല്ലാ ദുരാരോപണങ്ങളിൽനിന്നും താൻ പരിശുദ്ധനാണെന്ന് അല്ലാഹു തന്റെ മഹത്വം വിവരിച്ചുകൊണ്ട് പറയുന്നു. അവർക്ക് പരാജയവും നരകവുമല്ലാതെ മറ്റൊന്നും കിട്ടുകയില്ല. അല്ലാഹുവിനെ ആത്മാർത്ഥമായി ആരാധിക്കുന്നവർ മാത്രമായിരിക്കും വിജയിക്കുന്നവർ. ഇക്കാലഘട്ടത്തിൽ, ഈ യൂറോപ്യൻ നാടുകളിലും ദൈവത്തിന്റെ ദൈവത്വത്തെ നിഷേധിക്കുന്നവർ ധാരാളം ജനിച്ചിരിക്കുന്നു. അല്ലാഹുവിനെക്കുറിച്ച്, അവനുണ്ടോ, ഇല്ലേ എന്നതിനെ സംബന്ധിച്ച് വിവിധ രീതിയിലുള്ള വീക്ഷണങ്ങൾ തിളച്ചുപൊന്തിക്കൊണ്ടിരിക്കുന്നു. അല്ലാഹുവിനെ വിശ്വസിക്കാത്ത ഇവരുടെയെല്ലാം പര്യവസാനം മോശമായിരിക്കുമെന്ന് അവൻ കാലേകൂട്ടി പറഞ്ഞിരിക്കുന്നു; അല്ലാഹുവിന്റെ ആത്മാർത്ഥരായ ദാസർക്കായിരിക്കും വിജയം. അതിനാൽ എപ്പോഴും ഇക്കാര്യം ഓർമ്മവയ്ക്കുക. ഏതെങ്കിലും ബുദ്ധിമുട്ടിൽ അകപ്പെടുമ്പോഴോ താനുദ്ദേശിക്കുന്ന കാര്യം നേടാനൊക്കാതെ വരുമ്പോഴോ അല്ലാഹുവിനെ ഓർക്കുകയും സാധാരണപരിതസ്ഥിതിയിൽ അവനെ മറക്കുകയും ചെയ്യുക എന്നതു പാടില്ല. അഹ്മദികളായ നമ്മുടെമേൽ അല്ലാഹു എത്രമാത്രം അനുഗ്രഹമാണ് ചെയ്തിട്ടുള്ളത്. അതെല്ലാം നമ്മോട് ആവശ്യപ്പെടുന്നത് എല്ലാ നേരത്തും ഓരോ നിമിഷവും അല്ലാഹു നമ്മുടെ ഓർമ്മയിലുണ്ടായിരിക്കണമെന്നാണ്. എല്ലായിടത്തും, എവിടെയൊക്കെ അല്ലാഹുവിനെക്കുറിച്ചും അവന്റെ സവിശേഷഗുണങ്ങളെക്കുറിച്ചും അവന്റെ അസ്തിത്വത്തെക്കുറിച്ചും പറയേണ്ടുന്ന സന്ദർഭം ലഭിക്കുമോ, അവിടെയൊക്കെ ഒരഹ്മദി ഉടനെ അതിന് തയ്യാറായിരിക്കേണ്ടതാണ്.

തന്നെ ആത്മാർത്ഥമായി വിശ്വസിക്കുന്നവർ, അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം, എല്ലാ സ്നേഹത്തേക്കാളും മുന്തിക്കുക എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുമ്പോൾ, എല്ലാതരം ദോഷങ്ങളിൽനിന്നും അകന്നുനില്ക്കാനും പറഞ്ഞു. എന്നല്ല, ഒരുതരത്തിലുള്ള തിന്മയും നിങ്ങളുടെ ഉള്ളിൽ ഉണ്ടാകാതിരിക്കാൻ പ്രത്യേകിച്ചും ശ്രദ്ധിക്കണമെന്നും പറഞ്ഞു. ഇക്കാലഘട്ടത്തിൽ നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമിയുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരുന്നതിലേക്കും നാം ശ്രദ്ധിക്കേണ്ടതായിവരും. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളനുസരിച്ചും നടപടിക്രമമനുസരിച്ചും ജീവിക്കാൻ ശ്രദ്ധിക്കേണ്ടതായിവരും. ഇതനുസരിച്ച് പ്രവർത്തിക്കാൻ, അതിനെക്കുറിച്ച് പഠിക്കേണ്ടതായും വരും. മതപരവും ആത്മീയപരവുമായിട്ടുള്ള സ്വന്തം

നിലവാരം ഉയർത്തുന്നതിലേക്കും ശ്രദ്ധിക്കേണ്ടതായി വരും. ഭക്തിയുടെ മാർഗ്ഗത്തിൽ പദമൂന്നിക്കൊണ്ട് അല്ലാഹുവിനെ ആരാധിക്കുന്നതിലും ശ്രദ്ധിക്കേണ്ടതായിവരും. അപ്പോഴാണ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ചെയ്തിട്ടുള്ള ബയ്അത്ത് സ്വാർത്ഥപരമല്ലാതായിത്തീരുന്നത്. അത് ഏതെങ്കിലും ഭൗതിക നേട്ടത്തിന് വേണ്ടിയുള്ളതായിരിക്കുകയില്ല. അപ്പോൾ നമ്മളിലോരോരുത്തരും ജമാഅത്തിന് ഫലപ്രദമായിട്ടുള്ളവരായി സ്ഥാപിതമാകും. ഇക്കൂട്ടരെക്കുറിച്ചാണ് അല്ലാഹു വിശുദ്ധഖുർആനിൽ ***ഇബാദിനൽ മുഖ്‌ലസ്വീൻ*** എന്നു പറഞ്ഞിരിക്കുന്നത്. കാരണം ഇവർ ആത്മാർത്ഥമായി അല്ലാഹുവിനെ സ്നേഹിക്കുന്നവരാണ്. ആത്മാർത്ഥരായിക്കൊണ്ട് നബി(സ) തിരുമേനിയെ സ്നേഹിക്കുന്നവരാണ്. കാരണം ആ മഹാത്മാവിന്റെ വിരിപ്പും പുതപ്പും ഉറക്കവും ഉണരലുമെല്ലാം അല്ലാഹുവിന് വേണ്ടിയുള്ളതായിരുന്നു. ഇതുസംബന്ധമായി അല്ലാഹു പറഞ്ഞു; നീ പ്രഖ്യാപിക്കുക: ***ഖുൽ ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്ക്കുമുല്ലാഹ് വ യഗ്ഫിർലക്കും ദുനൂബക്കും***. നീ പറയുക, അല്ലയോ ജനങ്ങളേ! നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ, അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യും (3:32).

നബി(സ) യോടുള്ള സ്നേഹം, അല്ലാഹുവിനെ സ്നേഹിക്കുന്നതിനുള്ള മാർഗ്ഗമാകുമെന്നു മാത്രമല്ല, മറിച്ച്, പാപപ്പൊറുതിക്കും ഭാവിയിൽ പാപത്തിൽനിന്നുള്ള മോചനത്തിനും കാരണമായിത്തീരുന്നു. അല്ലാഹുവിനേയും അവന്റെ റസൂലിനേയും ആത്മാർത്ഥമായി സ്നേഹിക്കുന്നതിന് വേണ്ടിയാണ് താൻ ജൽസ ആരംഭിക്കുന്നതെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസയ്ക്ക് തുടക്കം കുറിക്കുന്നതിനുമുമ്പേ വിളംബരം ചെയ്തിരുന്നു. ആ മഹാത്മാവ് പറഞ്ഞു: 'വർഷത്തിൽ മൂന്നുദിവസം ജനങ്ങൾ സംഘടിക്കണമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അല്ലാഹുവിനുവേണ്ടി മാത്രം റബ്ബാനിയായ കാര്യങ്ങൾ കേൾക്കാനും ദുആയിൽ പങ്കെടുക്കാനും വരിക.' ആ പുണ്യാത്മാവ് പറഞ്ഞു: "കഴിവിന്റെ പരമാവധി സ്നേഹിതന്മാർ വരേണ്ടതാണ്." അതിനാൽ, സ്വയം അഹ്മദികൾ എന്നു പറയുകയും, ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖ്‌ലസ്വീൻ എന്ന പേരിൽ വിളിക്കുകയും ചെയ്തിട്ടുള്ള ഓരോരുത്തരുടേയും ശ്രദ്ധ ഇക്കാര്യത്തിലേക്കുണ്ടാകേണ്ടതാണ്. അവർ ജൽസയിൽ പങ്കെടുക്കാൻ ശ്രമിക്കണം. കാരണം ഇതും ആത്മാർത്ഥത വളർത്താനുള്ള ഒരു മാർഗ്ഗമാണ്. ഇവിടെ വരികയെന്നത് ഏതെങ്കിലും ഭൗതിക ഉദ്ദേശ്യത്തിനു വേണ്ടിയല്ല. മറിച്ച്, അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹമൊന്നുകൊണ്ടു മാത്രമാണ്. ഈ ഉദ്ദേശ്യം എപ്പോഴും എല്ലാ അഹ്മദികളുടേയും മുമ്പിൽ ഉണ്ടായിരിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) മറ്റൊരിടത്ത് പറഞ്ഞു: "അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നഹം കാരണത്താൽ, അല്ലാഹുവിനോടും മനുഷ്യരോടുമുള്ള കടമകൾ നിറവേറ്റാൻ ശ്രദ്ധയുണ്ടാകുന്നില്ലെങ്കിൽ, ആ സ്നേഹം ആത്മാർത്ഥതയുള്ളതായിരിക്കുകയില്ല. അത് ആത്മാർത്ഥപരമല്ലാതാകുമ്പോൾ, അത്തരക്കാർ മുസ്‌ലിംകളിൽ പെടുകയുമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: സത്യസന്ധതയോടെ എല്ലാ പ്രവൃത്തികളും തങ്ങളുടെ ശിരസിലേറ്റാത്തവരും നബി(സ)യുടെ പരിശുദ്ധമായ നുകത്തിനു കീഴെ തങ്ങളുടെ കഴുത്ത് കൊടുക്കാത്തവരും, വിശ്വസ്തത സ്വായത്തമാക്കാത്തവരും, ധിക്കാരശീലങ്ങളിൽനിന്ന് വിടുതൽ നേടാൻ ആഗ്രഹിക്കാത്തവരും, പരിഹാസ മജ്‌ലിസുകളെ ഉപേക്ഷിക്കാത്തവരും, അവിശുദ്ധമായ വിചാരങ്ങളെ കൈവിടാത്തവരും, മനുഷ്യത്വത്തിന്റെയും നമസ്കാരത്തിന്റെയും സഹനത്തിന്റെയും ലാളിത്യത്തിന്റെയും വസ്ത്രം ധരിക്കാത്തവരും, ദരിദ്രരെ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുന്നവരും, പാപങ്ങളെ തള്ളിപ്പുറത്താക്കാത്തവരും, അഹങ്കാരത്തോടെ തെരുവുകളിൽ നടക്കുന്നവരും, ഗർവോടെ കസേരകളിൽ ഇരിക്കുന്നവരും, തങ്ങളെ സ്വയം വലിയവരായി കരുതുന്നവരുമായിട്ട് എനിക്ക് എന്തു ബന്ധമാണുള്ളത്. തങ്ങളെ ഏറ്റവുമധികം എളിവയവരും ചെറിയവരുമായി മനസ്സിലാക്കുന്നവരും ലജ്ജയോടെ സംസാരിക്കുന്നവരും പാവപെട്ടവരോട് മാന്യതയോടെ പെരുമാറുന്നവരും ദ്രോഹവും അഹങ്കാരവുംകൊണ്ട് പരിഹസിക്കാത്തവരും തങ്ങളുടെ ഉദാരനായ രക്ഷിതാവിനെ സ്മരിക്കുന്നവരുമാണ് ഭാഗ്യവാന്മാർ. ഞാൻ വീണ്ടും വീണ്ടും പറയുകയാണ്, അത്തരക്കാർക്കുവേണ്ടിയാണ് മോക്ഷം തയ്യാറാക്കപ്പെട്ടിട്ടുള്ളത്.''

ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കിയിട്ടുള്ള വലിയ ഉപദേശങ്ങളാണ് ഇത്. ഇക്കാര്യങ്ങൾ സ്വായത്തമാക്കുമ്പോഴാണ് അല്ലാഹുവിനേയും റസൂലിനേയും സ്നേഹിക്കുന്ന ആത്മാർത്ഥരായ ആളുകളിൽ നാം ഉൾപ്പെടുന്നത്. ഇക്കൂട്ടരാണ് ഈ ജൽസയിൽ പങ്കെടുക്കാൻ വരുന്നതിന്റെ ഉദ്ദേശ്യം പൂർത്തിയാക്കുന്നവരും. ഇല്ലെങ്കിൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) വ്യക്തമായും പറഞ്ഞിരിക്കുന്നത് ഇതൊരു ഭൗതികമേളയല്ലെന്നാണ്.

ഇന്ന് നിങ്ങൾ ഇവിടെ സംഘടിച്ചിരിക്കുന്നു. ഖിലാഫത്ത് ജൂബിലി എന്ന നിലയിലാണ് സംഘടിച്ചിട്ടുള്ളത്. ഇതിന് വളരെ പ്രാധാന്യമുണ്ട്. അല്ലാഹു നല്കിയിട്ടുള്ള ഒരു പാരിതോഷികത്തെ അനുസ്മരിപ്പിക്കുന്ന ജൽസയാണിത്. നമ്മുടെ ആത്മാക്കളിൽ പരിശുദ്ധമായ പരിവർത്തനങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുമ്പോഴായിരിക്കും യഥാർത്ഥമായ നിലയിൽ നന്ദി പ്രകടമാകുന്നത്. അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്ന

തിന്, നബി(സ)യുടെ ജീവിതമാതൃക പിൻപറ്റണമെന്ന് അത് നമ്മോട് വിളിച്ചുപറയുന്നു. കാരണം തന്റെ ആത്മാർത്ഥദാസരായിത്തീരുന്നവർക്കുള്ള അല്ലാഹുവിന്റെ കല്പനയാണിത്. എല്ലാ രംഗത്തും നബി(സ) തിരുമേനി നമ്മുടെ മുമ്പിൽ മാതൃക സ്ഥാപിച്ചിട്ടുണ്ട്. താൻ ചെയ്യുന്ന കർമ്മങ്ങൾ ചെയ്താൽ അല്ലാഹുവിന്റെ സ്നേഹം ഹൃദയത്തിൽ നിലനാട്ടുന്നവരായിത്തീരുമെന്ന് നമ്മോട് പറയുകയും ചെയ്തിരിക്കുന്നു. വിശുദ്ധഖുർആന്റെ എല്ലാ കല്പനകളും നബി(സ)യുടെ ജീവിതമാതൃകയാണ്. ഹദ്റത്ത് ആയിശ(റ)യോട് നബി(സ)യുടെ ജീവിതമാതൃകയെന്താണെന്ന് ആരോ ചോദിച്ചു. താങ്കൾ വിശുദ്ധഖുർആൻ പാരായണം ചെയ്തിട്ടില്ലേ എന്നാണ് ഹദ്റത്ത് ആയിശ(റ) അയാളോട് ചോദിച്ചത്. വിശുദ്ധഖുർആന്റെ ഓരോ കല്പനയും ആദ്യം നബി(സ)തന്നിൽ നടപ്പാക്കുകയും, പിന്നീട് ഉപദേശിക്കുകയുമാണ് ചെയ്തത്. അതുകൊണ്ടാണ് നബി(സ) പറഞ്ഞത്, ഈ കർമ്മങ്ങൾ നിങ്ങൾ ചെയ്താൽ അല്ലാഹുവിന്റെ സ്നേഹം മനസ്സുകളിൽ നിലനാട്ടുന്നവരായിത്തീരുമെന്ന്. എന്നെ സ്നേഹിക്കുന്നു എന്ന നിങ്ങളുടെ വാദവും യാഥാർത്ഥ്യമായിരിക്കും. മുമ്പേ പറഞ്ഞതുപോലെ, ഈ വിളംബരം അല്ലാഹു ചെയ്തതാണ്. അല്ലാഹുവിനെ സ്നേഹിക്കുന്നുവെന്ന വാദമുണ്ടെങ്കിൽ, നബി(സ)യുടെ എല്ലാ കല്പനകളും ഉപദേശവുമനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക. നിങ്ങളുടെ പ്രാർത്ഥനകൾ സ്വീകരിപ്പിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ നബി(സ)യുടെമേൽ സ്വലാത്ത് ചൊല്ലിക്കൊണ്ട് എന്റെയടുത്തു വരിക എന്നും അല്ലാഹു പറഞ്ഞിരിക്കുന്നു. എന്നാൽ, സ്വലാത്ത് യഥാർത്ഥമായ സ്നേഹത്തിലും പ്രേമവായ്പിലും പൊതിഞ്ഞുകൊണ്ടുള്ളതായിരിക്കണം. അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞിരിക്കുന്നു.

***ഇന്നല്ലാഹ വ മലായിക്കത്തുഹു യുസല്ലൂന അലന്നബിയ്യ് യാ അയ്യുഹല്ലദീന ആമനൂ സല്ലൂ അലയ്ഹി വസല്ലിമൂ തസ്‌ലീമാ.*** ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിന് ഇങ്ങനെ അർത്ഥം നല്കിയിരിക്കുന്നു. “അല്ലാഹുവും അവന്റെ സകല മലക്കുകളും ആ നബിയുടെമേൽ സ്വലാത്ത് ചൊല്ലുന്നു. അല്ലയോ വിശ്വാസികളേ, നിങ്ങളും ആ മഹാത്മാവിനുമേൽ സ്വലാത്തു ചൊല്ലുക. അങ്ങേയറ്റം ആത്മാർത്ഥതയോടും സ്നേഹത്തോടുംകൂടി സലാം ചൊല്ലുക.”

ആത്മാർത്ഥതയോടും സ്നേഹത്തോടുമുള്ള ഈ സലാമും സ്വലാത്തുമാണ് അല്ലാഹുവിന്റെ സാമീപ്യം നേടിത്തരുന്നത്. അപ്പോൾ പ്രാർത്ഥന സ്വീകരിക്കപ്പെടുന്ന ദൃശ്യവും ഒരു സത്യവിശ്വാസി കാണും. അതിനാൽ, ഈ ജൽസാദിനങ്ങളിൽ, നമസ്കാരത്തിലേക്കും പ്രാർത്ഥനകളിലേക്കും നാം ശ്രദ്ധിക്കുന്നതിനോടൊപ്പം നബി(സ)യുടെമേൽ ആത്മാർത്ഥരായിക്കൊണ്ട് സ്വലാത്തും ചൊല്ലിക്കൊണ്ടിരിക്കുക; അല്ലാഹു നമ്മുടെ പ്രാർത്ഥനകൾ സ്വീകരിച്ചുകൊണ്ട് നമ്മുടെ അവസ്ഥകൾ മാറ്റിമറിക്കുന്നതിനുവേണ്ടിയാണിത്. അല്ലാഹു നമ്മെ അവന്റെ യഥാർത്ഥ ദാസരാക്കിത്തീർക്കുന്നതിനു വേണ്ടിയാണിത്. ദൈവസ്മരണകൊണ്ട് നമ്മുടെ നാവുകൾ ആർദ്രമാക്കിവയ്ക്കാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. നാം, നബി(സ)യുടെ ജീവിതമാതൃകയെ പിൻപറ്റുന്നവരും സമസൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നവരും ആയിത്തീരട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ) വളരെ വേദനയോടെ പറഞ്ഞ ഓരോ തിന്മയിൽനിന്നും രക്ഷപ്പെടുന്നവരായിത്തീരട്ടെ. അല്ലാഹുവിന്റെ പരിപൂർണ്ണദാസനായ നബി(സ) തിരുമേനി, തന്റെ ഇബാദത്തുകളിൽ കാണിച്ച മാതൃക സമാനതകളില്ലാത്തതാണ്. ചിലപ്പോൾ ദുൻയാവിനോടും അതിലുള്ളതിനോടും യാതൊരു ബന്ധവുമില്ലാതെ ജനശൂന്യമായ സ്ഥലങ്ങളിൽ അല്ലാഹുവിനെ ആരാധിക്കുന്നതിൽ മുഴുകുന്നു. തന്റെ കിടക്കയിൽനിന്ന് ആ മഹാത്മാവ് അപ്രത്യക്ഷനായിരിക്കുന്നത് ഒരിക്കൽ ഭാര്യ കാണുന്നു. മറ്റേതെങ്കിലും ഭാര്യയുടെ വീട്ടിൽ പോയതാണോ എന്ന് അവർ സംശയിക്കുന്നു. പക്ഷേ, തിരഞ്ഞ് പിടിച്ച് കണ്ടെത്തിയപ്പോൾ, വല്ലാത്ത അസ്വസ്ഥത അവർക്ക് അനുഭവപ്പെടുന്നു. ഭൗതികചിന്തയനുസരിച്ച് താൻ എന്താണ് ചെയ്തതെന്ന് അവർ ഓർക്കുന്നു. ആ മഹാത്മാവിന്റെ സ്ഥാനം മനസ്സിലാക്കാൻ കഴിഞ്ഞില്ല എന്നു പറയുന്നു. നബി(സ) തന്റെ രക്ഷിതാവിന്റെ മുമ്പിൽ സുജൂദിൽ കിടക്കുകയാണ്. ആ വിലാപവും വിറച്ചുകൊണ്ടുള്ള പ്രാർത്ഥനയും മറ്റൊന്നിനോടും ഉപമിക്കാൻ പറ്റുകയില്ല. അതിനെ, തിളച്ചുകൊണ്ടിരിക്കുന്ന വെള്ളത്തിൽനിന്നുയരുന്ന ശബ്ദമെന്ന് ചിലർ ഉപമിക്കുന്നു. ചിലർ മറ്റു ചില ഉദാഹരണം പറയുന്നു. പക്ഷേ, ആ പരിപൂർണ്ണനായ മനുഷ്യന്റെ, തന്റെ യജമാനന്റെ മുമ്പിലുള്ള വിറയൽ, എല്ലാ ഉദാഹരണങ്ങൾക്കുമതീതമാണ്. കഠിനമായ രോഗാവസ്ഥയിലും, ജമാഅത്തായിട്ടുള്ള നമസ്കാരം ഉപേക്ഷിക്കുന്നില്ല. അവസാനം പിടിപെട്ട രോഗത്തിലും അങ്ങേയറ്റം ബലഹീനാവസ്ഥയായിട്ടും പള്ളിയിൽ വരുന്നു. തന്നെ വിശ്വസിക്കുന്നവർ നമസ്കരിക്കുന്നതുകണ്ട് പുഞ്ചിരിക്കുന്നു. മനുഷ്യസൃഷ്ടിപ്പിന്റെ യഥാർത്ഥമായ ഉദ്ദേശ്യം ഈ ആത്മാർത്ഥരും പരമകാരുണികന്റെ ദാസരുമായിട്ടുള്ളവർ പൂർത്തിയാക്കുകയാണ്. തന്റെ കണ്ണിന്റെ കുളിർമ്മ നമസ്കാരത്തിലാണെന്ന് ആ മഹാത്മാവ് പറഞ്ഞു. നമസ്കാരം കൃത്യനിഷ്ഠയോടെ അനുഷ്ഠിക്കേണ്ടതിനെ സംബന്ധിച്ച് ഈ മാതൃകയാണ് നമ്മുടെ മുമ്പിൽ ആ പുണ്യാത്മാവ് സ്ഥാപിച്ചത്. നഫ്‌ലുകൾ അനുഷ്ഠിക്കുന്നതിനുള്ള മാതൃകയും അല്ലാഹുവിനെ ആരാധിക്കുന്നതിന്റെ മാതൃകയും സ്ഥാപിച്ചുതന്നു. ആ മഹാത്മാവിന്റെ ഈ സ്ഥാനം എല്ലാവർക്കും ലഭിക്കുകയില്ല. ആ

സ്ഥാനത്തെത്തിയത് പരിപൂർണ്ണനായ ആ ദിവ്യാത്മാവ് മാത്രമായിരുന്നു. അതുകൊണ്ടാണല്ലോ അല്ലാഹുവും അവന്റെ മലക്കുകളും ആ റസൂലിന്റെമേൽ ആശംസകൾ അർപ്പിക്കുന്നത്. പക്ഷേ, അല്ലാഹു ***ലഖദ് കാന ലക്കും ഫീ റസൂലില്ലാഹി ഉസ്‌വത്തുൻ ഹസന*** (തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ റസൂലിൽ ഒരു ഉൽകൃഷ്ടമായ മാതൃകയുണ്ട്) എന്നു പറഞ്ഞുകൊണ്ട് ഈ ഭാഗത്തേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു.

അതിനാൽ അല്ലാഹുവിനെ സ്മരിക്കുന്നവരും പരമകാരുണികന്റെ ദാസരെന്ന് പറയുന്നവരും ഈ മാതൃക പിൻപറ്റേണ്ടത് നിർബന്ധമാണ്. ഈ കാലഘട്ടത്തിലെ ഇമാമിന്റെ ജമാഅത്തിൽ ചേർന്നുകൊണ്ട്, ആത്മാർത്ഥരായി അല്ലാഹുവിനേയും റസൂലിനേയും സ്നേഹിക്കുന്നുവെന്ന് വിളംബരം ചെയ്യുന്നവർക്ക് ഈ മാതൃക പിൻപറ്റേണ്ടത് നിർബന്ധമാണ്. അതുകൊണ്ട്, കഴിവിന്റെ പരമാവധി ആരാധനകളുടെ നിലവാരം ഓരോ അഹ്മദിയും വർദ്ധിപ്പിക്കേണ്ടതാണ്. സ്നേഹിക്കുന്നു എന്നുള്ള വാദം യാഥാർത്ഥ്യമാകുന്നതിനുവേണ്ടിയാണിത്. വെറും വാദത്തിൽ മാത്രം നിന്നാൽ പോരാ. ഈ ദിനങ്ങളിൽ നിങ്ങളുടെ ആരാധനാകർമ്മങ്ങളിലേക്കും നമസ്കാരങ്ങളിലേക്കും പ്രത്യേകം ശ്രദ്ധ ചെലുത്തുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നല്ലവണ്ണം ഓർത്തുകൊള്ളുക. പിന്നേയും ഓർത്തുകൊള്ളുക. അന്യദൈവങ്ങളുടെ മുമ്പിൽ കുനിയൽ അല്ലാഹുവുമായിട്ടുള്ള ബന്ധം മുറിക്കലാണ്. നമസ്കാരത്തിലും തൗഹീദിലും താനൊന്നുമല്ല എന്ന ബോധത്തിന്റെയും വിനയത്തിന്റെയും ആത്മാവും യഥാർത്ഥ സ്ഥിതിയും ഇല്ലാതാകുമ്പോൾ അത് അനുഗ്രഹശൂന്യവും നിഷ്ഫലവുമായിത്തീരുന്നു. (തൗഹീദിന്റെ പ്രവർത്തനപരമായ ഏറ്റുപറച്ചിലിന്റെ പേരാണ് നമസ്കാരം). കേട്ടുകൊള്ളുക, ***ഉദ്ഊനീ അസ്തജിബ് ലക്കും*** എന്നതുകൊണ്ട് ആ സത്യമായ ആത്മാവാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. വിനയം കാണിക്കലിലും ഭയഭക്തിയിലും യാഥാർത്ഥ്യത്തിന്റെ ആത്മാവില്ലെങ്കിൽ അതും വെറും നിരർത്ഥകമായ ശബ്ദമായിരിക്കും." വീണ്ടും ആ മഹാത്മാവ് പറയുന്നു: "നിങ്ങളുടെ ഉദ്ദേശ്യങ്ങൾ അവിശുദ്ധവും വൃത്തികെട്ടതുമാകുകയും തൻപ്രമാണിത്തത്തിൽനിന്നും പൊങ്ങച്ചത്തിൽനിന്നും അകന്ന്, വിനയവും എളിമയും അതിൽ വരുത്താതിരിക്കുകയുമാണെങ്കിൽ അല്ലാഹുവിന്റെ യഥാർത്ഥ ദാസർ എന്നു പറയപ്പെടുകയില്ല. തികഞ്ഞ ദാസത്വം പഠിപ്പിക്കുന്നതിനുള്ള ഏറ്റവും നല്ല ഉസ്താദും ഉത്തമമായ മാർഗ്ഗവും നമസ്കാരം തന്നെയാണ്.'' വീണ്ടും പറയുന്നു: "ഞാൻ നിങ്ങളോട് പറയുകയാണ്, അല്ലാഹുവുമായിട്ട് യഥാർത്ഥ ബന്ധം സ്ഥാപിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ നമസ്കാരം ചിട്ടയോടെ അനുഷ്ഠിക്കുക. എങ്ങനെയെന്നുവെച്ചാൽ, നിങ്ങളുടെ ആത്മാവും ഉദ്ദേശ്യവും വികാരവിചാരങ്ങളുമെല്ലാം നമസ്കാരമായിത്തീരണം." ബാഹ്യമായ നമസ്കാരമായിരിക്കരുത് അത്. മറിച്ച്, നിങ്ങളുടെ ആത്മാവും നമസ്കരിക്കണം. നമസ്കാരത്തിന്റെ ആത്മാവെന്ന് പറയുന്നത് ഇതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിൽ സൃഷ്ടിക്കാൻ ആഗ്രഹിക്കുന്നതും ഇതുതന്നെ. എല്ലാത്തരം രഹസ്യമായ അന്യാരാധനകളിൽനിന്നും മനസ്സ് പരിശുദ്ധമാകുന്നില്ലെങ്കിൽ നമസ്കരിക്കുക എന്നതും ***ലാ ഇലാഹ ഇല്ലല്ലാഹ്*** എന്ന് വിളംബരം ചെയ്യുന്നതും നിഷ്ഫലമാണ്. അങ്ങേയറ്റം വിനയവും വണക്കവും ഇല്ലെങ്കിൽ അത് വ്യർത്ഥവുമാണ്. അതുണ്ടെങ്കിലേ പ്രാർത്ഥന സ്വീകരിക്കപ്പെടുകയുള്ളൂ. അതാണ് യഥാർത്ഥമായ കാര്യം. അത് അല്ലാഹുവും സ്ഥാപിക്കാനാഗ്രഹിക്കുന്നു. അത് സ്ഥാപിക്കുന്നതിന് നബി(സ) തിരുമേനി സ്ഥാപിച്ച മാതൃക നമ്മുടെ മുമ്പിലുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ആ വിനയവും വണക്കവും ഏത് രീതിയിലുള്ളതായിരിക്കണമെന്ന് നമുക്ക് വിശദീകരിച്ചുതന്നു. എല്ലാത്തരം അവിശുദ്ധമായ പദ്ധതികളിൽനിന്നും മനസ്സ് സംശുദ്ധമായിരിക്കണം. ഒരുതരത്തിലുള്ള അഹങ്കാരവും തൻപ്രമാണിത്തവും ഉണ്ടാകരുത്. മറ്റുള്ളവരോട് വിനയം കാണിക്കുന്നവരാകണം. അപ്പോഴാണ് ദുആ സ്വീകരിക്കപ്പെടുന്നത്. അങ്ങനെ നമസ്കാരവും യഥാർത്ഥ നമസ്കാരമായിത്തീരും. അല്ലാഹുവിന്റെ യഥാർത്ഥ തൗഹീദിന്റെ വിളംബരം ചെയ്യുന്നവർ സ്വാർത്ഥലാഭത്തിനായി ലോകത്തിന്റെ സഹായം തേടാൻ ഇഷ്ടപ്പെടുകയില്ല. മറ്റുള്ളവരുടെ അവകാശം തട്ടിപ്പറിച്ചെടുക്കുന്നവരാകുകയില്ല. മറ്റുള്ളവരോട് അഹങ്കാരത്തോടെ സംസാരിക്കുന്നവരുമാകുകയില്ല. യഥാർത്ഥമായ നിലയിൽ ആരാധനാകർമ്മങ്ങളനുഷ്ഠിക്കുന്നവർ അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നവരുമായിരിക്കുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. നബി(സ) ഏത് മാതൃകയാണ് കാഴ്ചവച്ചത്? ഇതുസംബന്ധമായി ചില ഉദാഹരണങ്ങൾ ഞാൻ പറയാം. ആ മഹാത്മാവിന്റെ ആരാധനാകർമ്മങ്ങളിലുള്ള മാതൃകാജീവിതം ഞാൻ പറഞ്ഞുകഴിഞ്ഞു.

ഒരു പാവപ്പെട്ട സ്ത്രീ നബി(സ)യെ വഴിയിൽ തടഞ്ഞുനിറുത്തുന്നു. ആ മഹാത്മാവ് അങ്ങേയറ്റം ശ്രദ്ധയോടെ ആ സ്ത്രീ പറയുന്ന കാര്യങ്ങൾ കേൾക്കുന്നു. 'ഒന്നുകൊണ്ടും വിഷമിക്കേണ്ട, നിങ്ങളുടെ കാര്യം കേട്ടിട്ടേ താൻ പോകുകയുള്ളൂ' എന്ന് പറയുന്നു. ഈ വിനയമായിരുന്നു നബി(സ)യുടേത്. അല്ലാഹുവും അവന്റെ മലക്കുകളും തന്റെ മേൽ ആശംസകൾ നേരുന്നു എന്നു പറഞ്ഞിട്ടും, നീ ബയ്അത്ത് വാങ്ങുമ്പോൾ അവരുടെ കൈകളുടെ മീതെയുള്ള നിന്റെ കൈ തന്റെ കൈയാണെന്ന് അല്ലാഹു പറഞ്ഞിട്ടും നബി(സ)യുടെ വിനയത്തിന്റെ അവസ്ഥ ഇതായിരു

ന്നു. സ്വഹാബത്തിനെ ഉപദേശിച്ചുകൊണ്ട് ആ ധന്യാത്മാവ് പറഞ്ഞു: "അല്ലാഹുവിന്റെ ഫള്ല് ഇല്ലെങ്കിൽ ആരുടെയും കർമ്മങ്ങൾ ആരേയും സ്വർഗ്ഗത്തിൽ കൊണ്ടുപോകുകയില്ല." അല്ലാഹുവിന്റെ റസൂലേ, അങ്ങയുടെ കർമ്മങ്ങളും അങ്ങയെ സ്വർഗ്ഗത്തിൽ കൊണ്ടുപോകുകയില്ലേ? എന്നു അവർ ചോദിച്ചപ്പോൾ ആ പുണ്യാത്മാവ് പറഞ്ഞു: "എന്നേയും അല്ലാഹുവിന്റെ ഫള്ലും റഹ്മത്തും പൊതിയുന്നില്ലെങ്കിൽ ഞാനും സ്വർഗ്ഗത്തിൽ പോകുകയില്ല.'' നോക്കുക, അല്ലാഹുവിനോടുള്ള ഭയത്തിലും പേടിയിലും വിനയത്തിലും മുങ്ങിക്കൊണ്ടുള്ള മറുപടിയാണിത്. ഇതാണ് വിനയത്തിന്റെ ആ ഉദാത്തമായ മാതൃക. ഇതാണ് അഹങ്കാരത്തിന്നെതിരെയുള്ള യുദ്ധത്തിന്റെ ശക്തമായ വിളംബരം. നബി(സ) പറയുന്നു:

"നിങ്ങൾ പലതരത്തിലുള്ള മറഞ്ഞ അന്യാരാധനകളും നടത്തുന്നുണ്ട്. നിങ്ങൾക്ക് തൗഹീദിനെക്കുറിച്ച് എനിക്കറിയുന്നതുപോലെ അറിയുകയില്ല. ഞാൻ സ്ഥാപിച്ചതുപോലുള്ള നിലവാരം നമസ്കാരത്തിൽ നിങ്ങൾക്ക് സ്ഥാപിക്കാനും കഴിയുകയില്ല. ഇങ്ങനെ വരുമ്പോൾ സൽകർമ്മങ്ങളിൽ എങ്ങനെയാണ് നിങ്ങൾക്ക് അഹങ്കരിക്കാൻ കഴിയുക. അതുകൊണ്ട് വിനയം കൈക്കൊള്ളുക. അതിലാണ് നിങ്ങളുടെ നിത്യജീവൻ. അതിൽ അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹത്തിന്റെ രഹസ്യം ഒളിച്ചു വെക്കപ്പെട്ടിരിക്കുന്നു."

ഒരവസരത്തിൽ ഉപദേശം നല്കിക്കൊണ്ട് പറഞ്ഞു: "അല്ലാഹുവിന്റെ ദാസൻ എത്രത്തോളം ഒരാൾക്ക് മാപ്പ് കൊടുക്കുന്നുവോ അത്രത്തോളം അയാളുടെ മാന്യത അവൻ വർദ്ധിപ്പിക്കുന്നു. എത്രത്തോളം വിനയവും വണക്കവും കൈക്കൊള്ളുന്നുവോ അല്ലാഹു അത്രത്തോളം അവന് ഉയർന്ന സ്ഥാനം നൽകുന്നു." ഇക്കാര്യങ്ങൾ ഒരഹ്മദി തന്നിൽ നടപ്പിലാക്കിക്കൊണ്ട് അതിന്റെ ഉന്നതമായ നില കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്.

ഇവിടേയും ലോകത്തെല്ലായിടത്തും ഈയിടെയായി ദമ്പതിമാർ തമ്മിൽ കലഹം പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. സ്ത്രീയുടെ കുറ്റംകൊണ്ടും പുരുഷന്റെ കുറ്റം കൊണ്ടുമാണ് ഇതുണ്ടാകുന്നത്. ഒരു സത്യവിശ്വാസിയിൽ ഉണ്ടാകേണ്ട സഹനം പുരുഷനിൽ ഉണ്ടാകുന്നില്ല. സ്ത്രീയും സഹനം കൈക്കൊള്ളുന്നില്ല. ഞാൻ മുമ്പേയും പലപ്രാവശ്യം പറഞ്ഞിട്ടുള്ള കാര്യമാണിത്. കുറ്റക്കാരിൽ അധികവും പുരുഷന്മാരായിരിക്കുമെങ്കിലും ചില കാര്യങ്ങളിൽ ഭാര്യയും പെൺകുട്ടിയും കുറ്റക്കാരാകാറുണ്ട്. രണ്ടു ഭാഗത്തുനിന്നും കുറ്റകൃത്യങ്ങൾ ഉണ്ടാകുമ്പോൾ അതിനിടയിൽ വൈരാഗ്യം തലപൊക്കുന്നു. തങ്ങളുടെ വികാരങ്ങളുടെമേൽ ഇരുകൂട്ടരും നിയന്ത്രണം കൈക്കൊള്ളുകയും ഭയഭക്തി ഹൃദയത്തിൽ ഉണ്ടാക്കുകയുമാണെങ്കിൽ ഈ പ്രശ്നങ്ങൾ ഒരിക്കലും സംഭവിക്കുകയില്ല. നബി(സ) അത്തരം ആളുകളെ ഉപദേശിച്ചുകൊണ്ട് പറയുന്നു. "നിങ്ങൾ രണ്ടുകൂട്ടരും പരസ്പരം ന്യൂനതകൾ കാണുന്നുവെങ്കിൽ, നല്ലതായി തോന്നുന്ന പല കാര്യങ്ങളും നിങ്ങളിൽ ഉണ്ടാകുമല്ലോ. ന്യൂനത മാത്രമല്ലല്ലോ നിങ്ങളിൽ ഉണ്ടായിരിക്കുക." ആ നല്ല കാര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് ത്യാഗത്തിന്റെ വശം സ്വീകരിച്ചാൽ പരസ്പരം സ്നേഹത്തിന്റേയും ഐക്യത്തിന്റേയും രഞ്ജിപ്പിന്റേയും അന്തരീക്ഷം ഉണ്ടാക്കാൻ കഴിയും. നബി(സ) തിരുമേനിക്കും ഭാര്യമാരുണ്ടായിരുന്നു. ഭാര്യമാരോട് നല്ല രീതിയിൽ പെരുമാറുന്നതിൽ ആ പുണ്യാത്മാവിനോട് തുല്യനായിട്ടാരുമില്ല. നബി (സ) ഉപദേശിക്കുമ്പോൾ വെറുതെയങ്ങ് ഉപദേശിക്കുകയല്ല ചെയ്യുന്നത്. മറിച്ച്, തന്റെ ജീവിതമാതൃക കൊണ്ട് അത് സ്ഥാപിക്കുകയും ചെയ്യുന്നു.

ഈ ദിനങ്ങൾ ഇപ്പോൾ നിങ്ങൾക്ക് ലഭിച്ചിരിക്കുകയാണ്. ഇതിൽ ആത്മപരിശോധന നടത്തുക. ചുറ്റുപാടുകൾ മനുഷ്യനെ സ്വാധീനിക്കാറുണ്ട്. റൂഹാനിയ്യത്തിന്റെ സ്വാധീനം എന്തായാലുമുണ്ടാകും. ഹൃദയത്തിൽ അത് സ്വാധീനം ചെലുത്തും. അതുകൊണ്ട് ആത്മപരിശോധന നടത്താനുള്ള ശ്രദ്ധയുണ്ടാകണം. നിങ്ങളുടെ നമസ്കാരത്തെക്കുറിച്ചും മറ്റു സ്വഭാവങ്ങളെക്കുറിച്ചും ആത്മപരിശോധന നടത്തുക. മറ്റുള്ളവരുടെ അവകാശങ്ങൾ തട്ടിപ്പറിച്ചെടുക്കാനുള്ള ചിന്ത ഒരിക്കലുമുണ്ടാകരുത്. അല്ലാഹുവിനോടുള്ള യഥാർത്ഥ ഭയം മനസ്സിലുണ്ടാകാത്തിടത്തോളം അടിസ്ഥാനപരമായ ധാർമ്മികഗുണങ്ങളൊന്നും സ്ഥാപിക്കാൻ സാധ്യമല്ല. സമൂഹത്തിൽ വസിക്കുമ്പോൾ അതെല്ലാം നോക്കിക്കാണേണ്ടതാണ്. അഹങ്കാരവും തൻപ്രമാണിത്തവും അകലാത്തിടത്തോളം അത് സാധ്യമല്ല. ആരിലാണോ ഇത്തരം ധാർമ്മികഗുണങ്ങളുണ്ടാകുന്നത് അവൻ എല്ലാത്തരം തിന്മകളിൽനിന്നും പരിശുദ്ധനായിത്തീരുന്നു. അത്തരം അഹ്മദി പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ കൊണ്ടെത്തിക്കാനാഗ്രഹിക്കുന്ന ആ സ്ഥാനം പ്രാപിക്കുന്നു. അത്തരം ആൾ പിന്നീട് അല്ലാഹുവിനേയും അവന്റെ റസൂലിനേയും യഥാർത്ഥമായി സ്നേഹിക്കുന്നവനായിത്തീരുന്നു.

അല്ലാഹുവിനുവേണ്ടിയാണ് നാം ഇവിടെ സംഘടിപ്പിച്ചിട്ടുള്ളത്. അതാണ് നമ്മുടെ വാദം. ഈ ജൽസയുടെ ഉദ്ദേശ്യത്തെ എപ്പോഴും മുന്നിൽ കണ്ടുകൊണ്ട് ഇക്കാര്യം അയവിറക്കിക്കൊണ്ടിരിക്കുക. ആത്മാവിന്റെ ശുദ്ധീകരണത്തിന് ഏറ്റവും ഉത്തമമായ മാർഗ്ഗം നമ്മുടെ ഉള്ളിൽനിന്നുതന്നെ ഒരു ശുദ്ധീകരണകർത്താവിനെ എഴുന്നേൽപിച്ചുനിറുത്തുക എന്നതാണ്. ജൽസയുടെ പ്രഭാഷണങ്ങളും പരിപാടികളും മുടങ്ങാതെ കാണുകയും കേൾക്കുകയും ചെയ്യുക. ഖിലാ

ഫത്ത് ജൂബിലിയുടെ പേരിൽ വൈജ്ഞാനികവും ശിക്ഷണപരവുമായ വിഷയങ്ങൾ, പ്രസംഗങ്ങളിൽ പ്രതിപാദിക്കപ്പെടും. അല്ലാഹു പ്രഭാഷകരുടെ നാവിലും ജ്ഞാനത്തിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. അവർ തങ്ങളുടെ വിഷയത്തോട് കൂറുപുലർത്തുന്നവരായിത്തീരട്ടെ. സ്വന്തം കടമകൾ നിറവേറ്റിക്കൊണ്ട് നിങ്ങളുടെ മുമ്പിൽ ആ വിഷയങ്ങൾ അവതരിപ്പിക്കുമാറാകട്ടെ. കേൾക്കുന്നവർക്കും, അവർ എന്താണോ കേൾക്കുന്നത്- ബാഹ്യമായ കാര്യങ്ങളിൽ മാത്രം തൃപ്തരാകാതെ- ആത്മീയമായ അനുഗ്രഹം പ്രാപിക്കുന്നവരും അതിനെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുന്നവരുമായിത്തീരട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഭൗതികസമ്പത്ത് ലഭിക്കുന്ന വ്യക്തിയല്ല ഭാഗ്യവാൻ. ആ സമ്പത്ത് കൊണ്ട് ആയിരക്കണക്കിന് വിപത്തുകളും നാശങ്ങളും രോഗങ്ങളുമായിരിക്കും മിച്ചം. ഈമാന്റെ സമ്പത്ത് കിട്ടുന്നവനാണ് ഭാഗ്യവാൻ. അല്ലാഹുവിന്റെ വെറുപ്പിനേയും കോപത്തേയും അവൻ ഭയന്നുകൊണ്ടിരിക്കും. എപ്പോഴുംതന്നെ ഇന്ദ്രിയാശകളിൽനിന്നും ശയ്ത്വാനിൽനിന്നും തന്നെ രക്ഷപ്പെടുത്തിക്കൊണ്ടിരിക്കും. അങ്ങനെ ആ രീതിയിൽ അവൻ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതാണ്. എന്നാൽ, ഓർമ്മിക്കുക. ഈ കാര്യം വെറുതെയങ്ങ് ലഭിക്കുകയില്ല. ഇതിനുവേണ്ടി നിങ്ങൾ നമസ്കാരത്തിൽ പ്രാർത്ഥിക്കേണ്ടത് നിർബന്ധമാണ്; അല്ലാഹു നിങ്ങളിൽ തൃപ്തനാകാൻവേണ്ടി- പാപപങ്കിലമായ ജീവിതത്തിൽനിന്ന് രക്ഷപ്പെടാൻ നിങ്ങൾക്ക് അവൻ ഭാഗ്യം നല്കുന്നതിനുവേണ്ടി. കാരണം പാപത്തിൽനിന്ന് രക്ഷപ്പെടുകയെന്നത് അല്ലാഹുവിന്റെ തൗഫീഖും ഫള്‌ലും ഉണ്ടാകാത്തിടത്തോളം സാധ്യമല്ല. ഈ ഫള്‌ലും തൗഫീഖും ദുആയും മുഖേനയാണ് അത് ലഭിക്കുന്നത്. അതിനുവേണ്ടി നമസ്കാരങ്ങളിൽ ദുആ ചെയ്തുകൊണ്ടിരിക്കുക. 'അല്ലാഹുവേ, പാപങ്ങളായിട്ടുള്ള എല്ലാ പ്രവർത്തികളിൽനിന്നും, നിന്റെ ഇഷ്ടത്തിനും സന്മാർഗ്ഗത്തിനും വിരുദ്ധമായ എല്ലാ പ്രവർത്തികളിൽനിന്നും, പാപങ്ങളുടെ ഫലമായുണ്ടാകുന്ന എല്ലാത്തരം ദുഃഖങ്ങളിൽനിന്നും വിപത്തുകളിൽനിന്നും ബലാകളിൽനിന്നും ഞങ്ങളെ നീ രക്ഷിച്ചാലും. സത്യമായ വിശ്വാസത്തിൽ നീ ഞങ്ങളെ നിലനിറുത്തിയാലും. പാപങ്ങളുടെ ഇനം തിരിച്ചുകൊണ്ട് ആ മഹാത്മാവ് പറഞ്ഞു. ധാരാളം പാപങ്ങൾ സ്വഭാവപരമായിട്ടുള്ളതാണ്. കോപം, ദ്വേഷം, ക്രോധം, നാട്യം, അഹങ്കാരം, അസൂയ തുടങ്ങിയവ. ഇതെല്ലാം ദുസ്വഭാവങ്ങളാണ്. ഇവ മനുഷ്യനെ നരകത്തിൽ കൊണ്ടെത്തിക്കുന്നു. അതുകൊണ്ട് 'തങ്ങൾ വലിയ പാപങ്ങളൊന്നും ചെയ്യുന്നില്ല' എന്നതിൽ അഭിമാനിക്കരുത്. മറിച്ച്, നിസ്സാരമായ ദുസ്വഭാവവും പാപമാണ്. അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, ഈ പാപങ്ങളിൽനിന്നെല്ലാം രക്ഷപ്പെട്ടുകൊള്ളുക. എന്നല്ല ഒരു സത്യവിശ്വാസിയോടുള്ള കല്പന പാപങ്ങളിൽനിന്ന് രക്ഷപ്പെടാൻ മാത്രമല്ല മറിച്ച് നന്മകളിൽ വളരാൻ ശ്രമിക്കണമെന്നുമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ''മനുഷ്യൻ പാപങ്ങളിൽനിന്ന് രക്ഷപ്പെട്ട് നന്മ ചെയ്യേണ്ടതാണ്. അല്ലാഹുവിനെ ആരാധിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടതാണ്. പാപങ്ങളിൽനിന്ന് അവൻ രക്ഷപ്പെടുകയും അല്ലാഹുവിനെ ആരാധിക്കുകയും ചെയ്യുമ്പോൾ അവന്റെ ഹൃദയം ബർക്കത്തുകൊണ്ട് നിറയും". ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ നിർദ്ദേശം. ഇങ്ങനെയായിത്തീർന്നാൽ അതായിരിക്കും മനുഷ്യജീവിതോദ്ദേശ്യം. അതായത്, അല്ലാഹുവിനെ ആരാധിക്കുക, ആ ആരാധന കാരണം അവന്റെ ഹൃദയം ബർക്കത്തുകൾകൊണ്ട് നിറയുക.

ഈ ജൽസയിൽ നമ്മളിൽ ഓരോരുത്തരും ആ ലക്ഷ്യം നേടുന്നവരായിത്തീരാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ജമാഅത്തിന്റെമേൽ അല്ലാഹുവിന്റെ ഫള്ല് വർഷിച്ചുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്ത വാഗ്ദാനമനുസരിച്ച് ഇൻശാഅല്ലാഹ് വിജയം സുനിശ്ചിതമാണ്. നമ്മളിൽ ഓരോ അഹ്മദിയും ഈ ദിനങ്ങളിൽ അതിനുവേണ്ടി പരിശ്രമിക്കുന്നവരും പ്രാർത്ഥിക്കുന്നവരുമായിത്തീരട്ടെ.

ആരംഭത്തിൽ ഞാൻ ഘാനാ ജൽസയുടെ ഉദാഹരണം പറഞ്ഞിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഞാൻ ഇപ്പോൾ സ്ത്രീകളോടും പറയാനാഗ്രഹിക്കുകയാണ്. കഴിഞ്ഞവർഷം സ്ത്രീകളുടെ പന്തലിൽ കുറച്ച് ഒച്ചയും ബഹളവും ഉണ്ടായ കാരണത്താൽ അവർക്ക് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. അതിനെ തുടർന്ന് സ്ത്രീകളിൽനിന്ന് നിരന്തരം കത്തുകളും മാപ്പപേക്ഷകളും വന്ന കാരണത്താൽ ജൽസയുടെ പ്രാധാന്യം കണക്കിലെടുത്ത് ഈ നിയന്ത്രണം നീക്കുകയുണ്ടായി. ഈ വർഷം ഇപ്പോൾ ജൽസ നടക്കുകയാണ്. പക്ഷേ, എപ്പോഴും ഓർക്കുക, ജൽസാപരിപാടികളെല്ലാം ശ്രദ്ധയോടുകൂടി കേൾക്കുമെന്ന് നിങ്ങൾ ചെയ്ത വാഗ്ദാനം പൂർത്തിയാക്കേണ്ടതാണ്. നിങ്ങളിൽനിന്നും ഇവിടുത്തെ ജർമ്മനി ലജ്നയിൽനിന്നും പാഠമുൾക്കൊണ്ടുകൊണ്ട് ലോകത്തിലെ സകല ലജ്നകളും നിശ്ശബ്ദരായി പരിപാടികളിൽ പങ്കെടുക്കുമെന്ന് പ്രതിജ്ഞ ചെയ്തിട്ടുണ്ട്. അതനുസരിച്ച് പ്രവർത്തിക്കുക. ഒരുപാടാളുകൾ ഇതിൽനിന്ന് പാഠം പഠിച്ചുകഴിഞ്ഞു. ഇനി ഈ പ്രതിജ്ഞ പൂർത്തിയാക്കേണ്ടത് നിങ്ങളുടെ നിർബന്ധകടമയാണ്.

ഘാനയെക്കുറിച്ചാണ് ഞാൻ പറഞ്ഞുവന്നത്. അവിടെ ജൽസയിൽ 50,000ത്തോളം സ്ത്രീകൾ പങ്കെ

ടുത്തിരുന്നു. സുബ്ഹി നമസ്കാരത്തിൽ 25,000, 30,000 സ്ത്രീകൾ പങ്കെടുത്തിരുന്നു. ചിലരോടൊപ്പം കുട്ടികളും ഉണ്ടായിരുന്നു. പക്ഷേ, ഒരുതരത്തിലുള്ള ശബ്ദവും ബഹളവും ഉണ്ടായില്ല. നമസ്കാര സമയത്തും ജുമുഅ നേരത്തും ഖുത്ബ നടക്കുമ്പോഴും പ്രസംഗാവസരങ്ങളിലും ഉഷ്ണമായിട്ടും- കുട്ടികൾക്ക് പ്രത്യേകിച്ച് ഏർപ്പാടുകളൊന്നും ചെയ്യാതിരുന്നിട്ടുപോലും അവരിൽനിന്ന് ഒരു ശബ്ദവും പുറത്തുവന്നില്ല. വളരെ നിശ്ശബ്ദരായി അവർ ജൽസ കേൾക്കുകയും കാണുകയും ചെയ്തു.

പിന്നാലെ വന്നുചേരുന്നവർ ഈ രീതിയിൽ തങ്ങളുടെ മാതൃക കാണിച്ചുകൊണ്ടിരുന്നാൽ അവർ നമ്മെ മുൻകടന്നുപോകുന്നതാണ്. മുൻകടന്നുപോകാൻ അവർക്ക് അവകാശവുമുണ്ട്. ഇക്കാര്യം ഇന്നലേയും എനിക്ക് പറയാമായിരുന്നു. നിങ്ങൾ ചെയ്ത വാഗ്ദാനം ഇതിനിടയിൽ മറന്നുപോകുമോ എന്ന ആശങ്കകൊണ്ടാണ് ഇപ്പോൾ ഓർമ്മപ്പെടുത്തുന്നത്. ഇക്കാര്യങ്ങൾ നല്ലവണ്ണം മനസ്സിലാക്കുക. സകല പരിപാടികളും ക്ഷമയോടും സഹനത്തോടുംകൂടി കേൾക്കണമെന്ന് മാത്രമല്ല, അതനുസരിച്ച് പ്രവർത്തിക്കുകയും വേണം. അപ്പോഴാണ് നിങ്ങൾ ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ച് ചെയ്യുന്ന പ്രതിജ്ഞകളും ജൽസകളും പൂർത്തീകരിക്കുന്നവരും അതിൽനിന്ന് ഫലമെടുക്കുന്നവരുമായിത്തീരുന്നത്. പുരുഷന്മാരും സ്ത്രീകളും എല്ലാവരും ഇക്കാര്യം മനസ്സിൽവയ്ക്കുക. അതായത് ഖിലാഫത്തിന്റെ പാരിതോഷികങ്ങളിൽനിന്ന് അനുഗ്രഹം പറ്റാൻ അല്ലാഹുവിന്റെ യഥാർത്ഥ ദാസരാകുകയും അവന്റെ കല്പനകൾ പാലിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്. ഇതിനായി പരിശ്രമിക്കുക. നിങ്ങളുടെ നിലവാരം ഉയർത്തിക്കൊണ്ടേ പോകുക. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 22.08.2008 at Maimark, Mannheim, Germany

Translated by: Muhammad Ismail Aleppey
Mob: 9446656123, 9746058636 Resi: 0497 3294865
Page layout & Typeset : BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala